**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2296** **03-03-2025 - ൽ മറുപടിയ്ക്ക്**

**റേഷ്യോ അടിസ്ഥാനമാക്കി ഹയർഗ്രേഡ് നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് റേഷ്യോ അടിസ്ഥാനമാക്കി ഹയർഗ്രേഡ് നൽകാറുണ്ടോ; എങ്കിൽ ആയത് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയുടെ Cadre Strength-ന്റെ 25% പേർക്കാണ് റേഷ്യോ ഹയർഗ്രേഡ് നൽകുന്നത്.** |
| (ബി) | വകുപ്പിൽ ആകെ അനുവദിച്ച സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികകളെത്രയെന്ന് വ്യക്തമാക്കുമോ; റേഷ്യോ പ്രകാരം എത്രപേർക്ക് നിലവിൽ ഹയർഗ്രേഡ് നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | **976 സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികകൾ നിലവിലുണ്ട്. ടി തസ്തികയിൽ 31/08/2024 വരെ ഉണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്ക് ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്. 2024 സെപ്റ്റംബർ മുതൽ 2025 ഫെബ്രുവരി വരെ ഹയർ ഗ്രേഡിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ വിവരം ശേഖരിച്ചു വരുന്നു.** |
| (സി) | വകുപ്പിൽ സെക്രട്ടറി/സീനിയർ സൂപ്രണ്ടുമാർക്ക് ഹയർ ഗ്രേഡ് അനുവദിച്ച് അവസാനം ഇറക്കിയ ഉത്തരവ് എന്നാണെന്നും പ്രസ്തുത ഉത്തരവിൽ എത്രപേർക്കാണ് ഹയർ ഗ്രേഡ് നൽകിയതെന്നും സീനിയോറിറ്റി ക്രമനമ്പർ എത്രയെന്നും വ്യക്തമാക്കുമോ; | (സി) | **സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർഗ്രേഡ് അനുവദിച്ച് അവസാനം ഉത്തരവ് ആയിട്ടുള്ളത് 10/01/2025 തീയതിയിലാണ്. പ്രസ്തുത ഉത്തരവിൽ സീനിയോറിറ്റി നം. 3024 വരെയുള്ള 61 പേർക്ക് ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്.** |
| (ഡി) | റേഷ്യോ അടിസ്ഥാനമാക്കി സെക്രട്ടറിമാർക്ക് ഹയർ ഗ്രേഡ് അനുവദിച്ച് കിട്ടാൻ നിലവിൽ എത്ര പേർക്കാണ് അർഹത ഉള്ളതെന്ന് വ്യക്തമാക്കാമോ; ഇവർക്ക് ഗ്രേഡ് അനുവദിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിലെ കാലതാമസത്തിന് കാരണം എന്താണെന്നും എന്നത്തേക്ക് ഇവർക്ക് ഹയർ ഗ്രേഡ് അനുവദിച്ച നൽകുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ഡി) | **നിലവിൽ 31/08/2024 വരെ റേഷ്യോ ഹയർഗ്രേഡിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്ക് 10/01/2025 തീയതിയിലെ ഉത്തരവ് പ്രകാരം ഹയർഗ്രേഡ് അനുവദിച്ചിട്ടുള്ളതാണ്. 2024 സെപ്റ്റംബർ മുതൽ 2025 ഫെബ്രുവരി വരെ ഹയർ ഗ്രേഡിൽ ഉണ്ടായിട്ടുള്ള ഒഴിവുകളുടെ വിവരം ശേഖരിച്ചു വരികയാണ്. ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ